(അമെന്റ് മെന്റ്),ജി.ഒ.(പി) 84/94/ആർ.ഡി./തീയതി 17-3-1994 (അമെന്റ് മെന്റ്) അനുശാസിച്ചിട്ടുള്ള പ്രകാരം ഡെപ്യൂട്ടി കളക്ടർമാരുടെ ഡയറക്ട് റിക്രൂട്ട്മെന്റ് നിയമനം നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത് ;

(ബി) 1975 മുതൽ 2009 വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി കളക്ടർമാരുടെ വർഷം തിരിച്ചുള്ള പെർമനന്റ് പോസ്റ്റിന്റെ എണ്ണം എത്ര ;

(സി) കേരളത്തിൽ മൊത്തം എത്ര ഡെപ്യൂട്ടി കളക്ടർമാർ ജോലി ചെയ്യുന്നുണ്ട് ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ഡെപ്യൂട്ടി കളക്ടർമാർ ജോലി ചെയ്യുന്നുണ്ട് ; ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണ് അവർ സേവനമനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 67 പേർക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ സ്ഥിരം തസ്തികകൾ 1986-ൽ 41-ഉം 1989, 2005 എന്നീ വർഷങ്ങളിൽ ആയത് 55-ഉം ആയിരുന്നു. 2006-ൽ 58 താൽക്കാലിക ഡെപ്യൂട്ടി കളക്ടർ തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റിയിട്ടുണ്ട്. നിലവിൽ 110 സ്ഥിരം തസ്തികകളാണ് ഡെപ്യൂട്ടി കളക്ടർ കേഡറിലുള്ളത്.

(സി) ഡെപ്യൂട്ടേഷൻ വിഭാഗത്തിൽ 5 പേരും പി.എസ്.സി. മുഖാന്തിരം നേരിട്ട് നിയമനം ലഭിച്ച് ഇപ്പോൾ ട്രെയിനിംഗിലുള്ള 5 പേരും ഉൾപ്പെടെ 130 ഡെപ്യൂട്ടി കളക്ടർമാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്.

(ഡി) മൂന്ന് പേർ-ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, കൊച്ചി, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, പാലക്കാട്, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നിവിടങ്ങളിലായി ഡെപ്യൂട്ടി കളക്ടർമാർ അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്.

റവന്യൂ വകുപ്പിൽ പ്രൊമോഷൻ

194 (7163) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ക്ലാസ്സ് 3 വിഭാഗത്തിന് താഴെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ലഭിച്ചിരുന്ന പ്രൊമോഷൻ 10% ആയി നിജപ്പെടുത്തി കൊണ്ട് അടുത്തകാലത്ത് ഉത്തരവിറക്കിയിരുന്നോ എന്ന് പറയാമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

Page 1

(ബി) ടി ഉത്തരവ് പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്കും ഓഫീസ് അറ്റന്റന്റുമാർക്കും ലഭിക്കുന്ന പ്രൊമോഷൻ എത്ര വീതമാണെന്ന് പറയാമോ ; ഈ ഉത്തരവ് പരിഷ്കരിച്ച് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് നിലവിലുണ്ടായിരുന്ന പ്രൊമോഷൻ നിലനിർത്തി വീണ്ടും ഉത്തരവിറക്കിയിട്ടുണ്ടോ എന്ന് പറയാമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവിധ വകുപ്പുകളിലെ എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിൽ അതാത് വകുപ്പുകളിലെ ജീവനക്കാരിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തെക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ചില വ്യവസ്ഥകളോടെ തസ്തികമാറ്റം അനുവദിച്ച് 3-1-2014-ലെ ജി.ഒ. (പി)നം.1/2014/ഉഭപവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (വകുപ്പ് തലത്തിൽ ഉള്ളടക്കം ചെയ്യുന്നു) റവന്യൂ വകുപ്പിന് മാത്രമായി പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.*

(ബി) 3-1-2014-ലെ ജി.ഒ. (പി) നമ്പർ 1/2014/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്കും ഓഫീസ് അറ്റൻഡന്റുമാർക്കും ആകെ 10% പ്രൊമോഷൻ ലഭിക്കുന്നതാണ്. പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിൽ വില്ലേജ് ഓഫീസർമാരുടെ ഒഴിവുകൾ

195 (7164) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വില്ലേജ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ ;

(ബി) ഏതൊക്കെ വില്ലേജ് ഓഫീസുകളിലാണ് സ്ഥിരമായി വില്ലേജ് ഓഫീസർമാരില്ലാത്തത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) വില്ലേജ് ഓഫീസർമാരില്ലാത്തതുമൂലം സ്കൂളിലും കോളേജിലും അഡ്മിഷനും മറ്റും വരുമാന സർട്ടിഫിക്കറ്റ് കിട്ടാതെ വലയുണ്ടിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ തസ്തിക ഒഴിഞ്ഞുകിടക്കുന്ന വില്ലേജുകളിൽ ഓഫീസർമാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly